# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2485 14.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആശാ വർക്കേഴ്സിന്റെ ഓണറേറിയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആശാ വർക്കേഴ്സ്, സാന്ത്വനം പാലിയേറ്റീവ് വർക്കേഴ്സ് എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധിയടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദ വിവരം ലഭ്യമാക്കുമോ ? | (എ) 21.08.2015 -ലെ സ.ഉ.(സാധാ) നം. 2718/2015/ആ.കു.വ. പ്രകാരം ആശാ വർക്കർമാരുടെ ഹോണറേറിയം 1000/- രൂപയായി വർദ്ധിപ്പിക്കുകയും വിതരണം ചെയ്യുന്നതിനുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉടനെ ഒരു വർദ്ധന ഇപ്പോൾ പരിഗണനയിലില്ല.<br><br>21.02.2015-ലെ സ.ഉ.(സാധാ) നം . 526/2015/ത.സ്വ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഹോണറേറിയം 10,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉടനെ ഒരു വർദ്ധന ഇപ്പോൾ പരിഗണനയിലില്ല.<br><br>ആശാ വർക്കേഴ്സ്, സാന്ത്വനം പാലിയേറ്റീവ് വർക്കേഴ്സ് എന്നിവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

P-[signature]

സെക്ഷൻ ഓഫീസർ